(സി) മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഒരുക്കിത്തരേണ്ട അടിസ്ഥാന സൗകര്യങ്ങൾ, അതായത് 5 വർഷത്തേയ്ക്കുള്ള വാടകരഹിത കെട്ടിടവും (500 ച.അടി വിസ്തീർണ്ണമുള്ളത്) കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും നൽകുന്ന മുറയ്ക്ക് സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതാണ്.

വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ താലൂക്ക് സപ്ലൈ ഓഫീസ്

213(3136) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ എത്ര റേഷൻ കാർഡുടമകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ താലൂക്ക് സപ്ലൈ ഓഫീസിന്റെ ആവശ്യകത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആവശ്യകത പരിഗണിച്ച് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) സപ്ലൈ ഓഫീസ് ആരംഭിക്കേണ്ടുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ആകെ 32159 റേഷൻ കാർഡുടമകളാണ് ഉള്ളത്.

(ബി&സി) ഉണ്ട്. പുതിയ താലൂക്ക് സപ്ലൈ ഓഫീസിന്റെ ആവശ്യകത പരിഗണിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിന് പ്രത്യേകിച്ച് മാനദണ്ഡങ്ങൾ ഇല്ല. ഒരു താലൂക്കിന് ഒരു സപ്ലൈ ഓഫീസ് എന്ന കണക്കിൽ അനുവദിച്ചുവരുന്നു. പിന്നോക്ക വിഭാഗക്കാരും ദരിദ്രരുമായ ജനത തിങ്ങിപ്പാർക്കുന്ന മലയോര മേഖലയിൽ നിന്നും സർക്കാർ സംബന്ധമായ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യങ്ങൾക്ക് ഇപ്പോൾ ഏകദേശം 40-56 കിലോമീറ്റർ ദൂരം യാത്ര ചെയ്ത് കാഞ്ഞങ്ങാട് എത്തേണ്ടതായിവരുന്നു. വെള്ളരിക്കുണ്ട് താലൂക്ക് സപ്ലൈ ആഫീസിന്റെ ആരംഭത്തോടെ 7 പഞ്ചായത്തുകളിലെ 79 റേഷൻ കടകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏകദേശം എഴുപതിനായിരത്തോളം കോളനി നിവാസികൾക്കും ഗിരിവർഗ്ഗക്കാരായ ആളുകൾക്കും സർക്കാർ സേവനം സമീപത്തായി ലഭിക്കുന്നു എന്നുള്ളതാണ് താലൂക്ക് സപ്ലൈ ഓഫീസ് തുടങ്ങുന്നതിന് നിദാനമായിരിക്കുന്നത്.

ബി.പി.എൽ, എ.പി.എൽ. റേഷൻ കാർഡുടമകളുടെ വിവരങ്ങൾ

214(3137) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ., എ.പി.എൽ. റേഷൻ കാർഡുടമകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) മാവേലിക്കര താലൂക്കിലെ ബി.പി.എൽ., എ.പി.എൽ. റേഷൻ കാർഡുടമകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ)

എ.പി.എൽ.	-	6251164
ബി.പി.എൽ.	-	1481703
എ.എ.വൈ.	-	585028
ആകെ		8317895

(ബി) മാവേലിക്കര താലൂക്കിൽ ആകെ 93936 കാർഡുകളുണ്ട്.

എ.പി.എൽ.	-	65389
ബി.പി.എൽ.	-	21290
എ.എ.വൈ.	-	7257
ആകെ		93936

LIBRARY ARCHIVES Kerala Legislative Assembly